പറഞ്ഞ ബാങ്ക് അധികാരികൾ ലോൺ കൊടുക്കാതെ ഇദ്ദേഹത്തെ വഞ്ചിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായത്. ലോൺ തിരിച്ച് അടയ്ക്കുന്നതിനുവേണ്ടി പല ആളുകളിൽ നിന്നും തൽക്കാലം കടം വാങ്ങിയിട്ടാണ് പണം തിരിച്ചടച്ചത്. പിന്നെ അവരെ അഭിമുഖീകരിക്കാനുള്ള വിഷമം കൊണ്ട് വേലായുധൻ കുട്ടി ആത്മഹത്യ ചെയ്യുകയുണ്ടായി. വളരെ പാവപ്പെട്ട നിർദ്ധനനായ ഇദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കാൻ ആവശ്യമായിട്ടുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഭാര്യയും രണ്ട് പെൺകുട്ടികളും ഒരു ആൺകുട്ടിയും അടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം. അവരെ സഹായിക്കുന്നതിന് ആവശ്യമായിട്ടുള്ള സമീപനം ഉണ്ടാകണം. അതോടൊപ്പംതന്നെ ഇങ്ങനെ പറഞ്ഞു പറ്റിച്ച, വഞ്ചിച്ച ബാങ്കിന്റെ ഉത്തരവാദപ്പെട്ട ആളുകൾക്കെതിരെ കർശനമായി കേസ് എടുക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പരേതന് ഭാര്യയും രണ്ട് പെൺമക്കളും ഒരു മകനും ഉണ്ട്. മക്കളെല്ലാം വിദ്യാർത്ഥികളാണ്. വേലായുധൻ കുട്ടി വായ്പയ്ക്ക് നൽകിയ അപേക്ഷയെ സംബന്ധിച്ചോ മുൻ വായ്പയെ സംബന്ധിച്ചോ യാതൊരു വിവരവും രേഖകളും നൽകാൻ ബാങ്ക് അധികൃതർ തയ്യാറല്ലെന്നാണ് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏതായാലും അതിനെക്കുറിച്ച് കൂടുതലായി ഗവൺമെന്റ് അന്വേഷിക്കുന്നതാണ്. ഇദ്ദേഹത്തിന് ഏതാണ്ട് ഒരു ഏക്കർ 20 സെന്റ് സ്ഥലമുണ്ട്.

(12) താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. എ. എ. അസീസ്: സർ, മയ്യനാട് ഗ്രാമ പഞ്ചായത്തും കൊല്ലം കോർപ്പറേഷനുമായി ബന്ധിപ്പിക്കുന്ന താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് 1986-ൽ തുടക്കമിട്ടതാണ്. കരാറുകാരന്റെ വീഴ്ചമൂലം പല പ്രാവശ്യം പ്രവർത്തനം നിർത്തലാക്കിയിരുന്നു. ഇക്കാരണത്താൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 5-4-2002-ൽ കരാർ റദ്ദാക്കുകയും 25-10-2002-ൽ റി-ടെന്റർ ചെയ്യുകയും ചെയ്തപ്പോൾ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിവഴി സ്റ്റേ വാങ്ങി. സ്റ്റേ വെക്കേറ്റു ചെയ്യുവാൻ ഗവൺമെന്റ് 10-11-2004-വരെ കാത്തിരിക്കേണ്ടി വന്നു. അതിനുശേഷം വീണ്ടും റി-ടെന്റർ ചെയ്തപ്പോൾ ഒരു കരാറുകാരൻ മാത്രം പങ്കെടുക്കുകയും 315 ശതമാനം കാട്ട് ചെയ്യുകയും ചെയ്തു. ഇത് ക്യാൻസൽ ചെയ്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നെഗോഷ്യേറ്റു ചെയ്ത് 240 ശതമാനം വർദ്ധിച്ച നിരക്കിൽ ഒരു കരാറുകാരനെ കണ്ടെത്തിയെങ്കിലും ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിക്കാതിരുന്നതിനാൽ പണി ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 10-8-2005-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും കോൺഫറൻസ് നടത്തി തീരുമാനമെടുക്കുകയും ചെയ്തുവെങ്കിലും ആ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനങ്ങൾ യാതൊന്നും 10-8-2005-നു ശേഷം ആറുമാസ കാലഘട്ടത്തിനിടയിൽ നടപ്പാക്കാൻ യാതൊരു നീക്കവും ഉണ്ടായിട്ടില്ല. ആ ഫയൽ ഇപ്പോഴും വിശ്രമിക്കുകയാണ്, അടിയന്തിരമായി ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, താന്നിപ്പാലത്തിന് 58.30 ലക്ഷം രൂപയുടെ ഭരണാനുമതി 1981-ൽ നൽകുകയും ടി ജോലി ടെന്റർ ചെയ്ത് നിർമ്മാണ പ്രവർത്തനം 1981-ൽത്തന്നെ ആരംഭിക്കുകയും ചെയ്തു. എന്നാൽ കരാറുകാരന്റെ വീഴ്ചമൂലം പണി പല പ്രാവശ്യം നിർത്തിവയ്ക്കുകയും തുടർന്ന് കോൺട്രാക്ട് റദ്ദാക്കുകയും ചെയ്തു. അതിനെതിരെ കരാറുകാരൻ കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങുകയും പിന്നീട് കോടതി ഈ കേസ് 4-8-2004-ൽ തള്ളിക്കളയുകയും ചെയ്തു. അതിനുശേഷം 10-11-2004-ൽ ടി വർക്ക് റി-ടെന്റർ ചെയ്തുവെങ്കിലും 315 ശതമാനം വർദ്ധിപ്പിച്ച നിരക്കിൽ ക്വാട്ട് ചെയ്തതിനാൽ ടെന്റർ ക്യാൻസൽ ചെയ്തു. തുടർന്ന് നെഗോഷിയേറ്റഡ് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും 240 ശതമാനം വർദ്ധിപ്പിച്ച നിരക്ക് ക്വാട്ട് ചെയ്തതിനാൽ അതും ക്യാൻസൽ ചെയ്തു. 10-8-2005-ൽ നടന്ന മീറ്റിംഗിൽ പുതിയ ഡിസൈൻ തയ്യാറാക്കി പണി പുനരാരംഭിക്കുവാൻ തീരുമാനിച്ചു. കൊല്ലം ഭാഗത്തുനിന്നുള്ള മൂന്ന് ഡക്ക് സ്ലാബുകൾ ഇതിനകംതന്നെ തീർന്നിട്ടുള്ളതിനാൽ ഐ.ഡബ്ലിയു.റ്റി.യുടെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഡിസൈനിംഗിൽ ഭേദഗതി വരുത്തിയതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചുവരുന്നു. പുതുക്കിയ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി എത്രയും പെട്ടെന്ന് പണി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(13) പാലക്കാട് ജില്ലയിൽ വെസ്റ്റഡ് ഫോറസ്റ്റ് നിയമത്തിന്റെ മറവിൽ അധികൃതർ കൃഷിഭൂമി കയ്യേറുന്നത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, മുണ്ടൂർ, പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തുകളിലും പോങ്ങാട്, മലമ്പുഴ, അകത്തേത്തറ, കേരളശ്ശേരി തുടങ്ങിയ നിരവധി പ്രദേശങ്ങളിലും വെസ്റ്റഡ് ഫോറസ്റ്റ് നിയമങ്ങളുടെ മറവിൽ പൂർവ്വികമായിത്തന്നെ കർഷകർ കൃഷി ചെയ്തു വരുന്ന ഭൂമി ഫോറസ്റ്റ് അധികൃതർ കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി ജണ്ട കെട്ടി കയ്യേറാൻ ശ്രമിച്ചുവരികയാണ്. തെങ്ങ്, റബ്ബർ, ഇഞ്ചി, കൂർക്ക, മരച്ചീനി മുതലായ വിളകൾ കൃഷി ചെയ്തു വരുന്നതും വർഷങ്ങളായി കൂടിയിരുപ്പായി കർഷകർ വീടുവച്ച് പഞ്ചായത്തിലും വില്ലേജിലും നികുതികൾ അടച്ച് നിരാക്ഷേപമായി കൈവശം വച്ചുവരുന്നതും താമസിച്ചു വരുന്നതുമായ സ്ഥലങ്ങളാണ് വനഭൂമിയാണെന്ന് ആരോപിച്ച് ജണ്ടകെട്ടി വരുന്നത്. കർഷകർ കൂട്ടായി രേഖകൾ ഹാജരാക്കി തടസ്സം ചെയ്തതിനെത്തുടർന്ന് തല്ക്കാലം ഉദ്യോഗസ്ഥർ തിരികെ പോയിട്ടുള്ളതാണ്. മുണ്ടൂർ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തുകളുടെ വടക്കൻ മേഖലയായ ഒടുവങ്ങാട്, ഞാറക്കോട്, മോഴികുന്ന്,

LIBRARY ARCHIVES Kerala Legislative Assembly